# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4149** — **20/03/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് ഭവന നിർമ്മാണ പദ്ധതി അപേക്ഷകർ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|
| ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ലഭിച്ചിട്ടുള്ള ആകെ അപേക്ഷകൾ എത്രയാണെന്നും, ഓരോ വിഭാഗത്തിലും ഉൾപ്പെട്ട മുഴുവൻ അപേക്ഷകർക്കും അനുയോജ്യമായ പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | കുടുംബശ്രീ മുഖേന നടത്തിയ വിശദമായ സർവ്വേയുടെ അടിസ്ഥാനത്തിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ 1.75 ലക്ഷം ഭൂമിയുള്ള ഭവനരഹിതരും 3.37 ലക്ഷം ഭൂരഹിത ഭവനരഹിതരെയും കണ്ടെത്തിയിട്ടുണ്ട്. ഭൂമിയുള്ള എല്ലാവർക്കും ഭവനം നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ്. ഭൂമിയില്ലാത്ത ഭവനരഹിതർക്കായി ആദ്യഘട്ടത്തിൽ 14 ജില്ലകളിൽ ഭവന സമുച്ചയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ സ്വീകരിച്ച് വരുന്നു. കൊല്ലം, കാസർഗോഡ് ജില്ലകളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പ്രവൃത്തി ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ലൈഫ് സർവ്വേ വഴി കണ്ടെത്തിയ മുഴുവൻ ഭൂമിയുള്ള ഭവനരഹിതർക്കും വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള ധനസഹായം നല്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2018 ഏപ്രിൽ 1 മുതൽ ടി പ്രവൃത്തി നിർവഹണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ